"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - സർക്കാർ നേഴ്സിംഗ് കോളേജ്, കോട്ടയം - പോസ്റ്റ് ബേസിക് ഡിപ്ലോമ ഇൻ സ്പെഷ്യാൽറ്റി നേഴ്സിംഗ് കോഴ്സ് നിർത്തലാക്കി പകരം പോസ്റ്റ് ബേസിക് ബി.എസ്.സി. നേഴ്സിംഗ് കോഴ്സ് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.86/2024/H&FWD തീയതി,തിരുവനന്തപുരം, 07-04-2024

---

പരാമർശം:- മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 03.10.2023, 19.01.2024 തീയതികളിലെ മെ.വി.വ/5219/2022-ബി4 നമ്പർ കത്തുകൾ.

**ഉത്തരവ്**

കോട്ടയം സർക്കാർ നേഴ്സിംഗ് കോളേജിൽ നിലവിലുള്ള പോസ്റ്റ് ബേസിക് ഡിപ്ലോമ ഇൻ സ്പെഷ്യാൽറ്റി നേഴ്സിംഗ് കോഴ്സ് നിർത്തലാക്കിക്കൊണ്ട് 19 സീറ്റുകളുള്ള പോസ്റ്റ് ബേസിക് ബി.എസ്.സി. നേഴ്സിംഗ് കോഴ്സ് ആരംഭിക്കുന്നതിനുള്ള ശിപാർശ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. കോട്ടയം സർക്കാർ നേഴ്സിംഗ് കോളേജിൽ പോസ്റ്റ് ബേസിക് ഡിപ്ലോമ ഇൻ സ്പെഷ്യാൽറ്റി നേഴ്സിംഗ് കോഴ്സിന് കഴിഞ്ഞ അഞ്ച് അദ്ധ്യയന വർഷം അഡ്മിഷൻ നേടിയ കുട്ടികളുടെ എണ്ണം തുലോം തുച്ഛമായിരുന്നു. 2023-24- ൽ ആരും അഡ്മിഷൻ എടുത്തിരുന്നില്ല. അതേ സമയം തിരുവനന്തപുരം, എറണാകുളം സർക്കാർ നേഴ്സിംഗ് കോളേജുകളിൽ യഥാക്രമം 30, 40 സീറ്റുകളിൽ പോസ്റ്റ് ബേസിക് ബി.എസ്.സി. നേഴ്സിംഗ് കോഴ്സിൽ അഡ്മിഷൻ നൽകി വരുന്നു. പ്രസ്തുത കോളേജുകളിൽ അഡ്മിഷൻ സമ്പൂർണ്ണമാണ്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നേഴ്സിംഗ് ബിരുദ കോഴ്സുകൾക്ക് സംസ്ഥാനത്ത് ആവശ്യകത വർദ്ധിച്ചിരിക്കയാലും കേരളത്തിൽ രണ്ട് സർക്കാർ നേഴ്സിംഗ് കോളേജുകളിൽ മാത്രമേ ഈ കോഴ്സ് ഉള്ളൂ എന്നത് പരിഗണിച്ചും കോട്ടയം സർക്കാർ നേഴ്സിംഗ് കോളേജിൽ നിലവിലുള്ള പോസ്റ്റ് ബേസിക് ഡിപ്ലോമ ഇൻ സ്പെഷ്യാൽറ്റി നേഴ്സിംഗ് കോഴ്സ് നിർത്തലാക്കി പകരം 19 സീറ്റോടു കൂടി പോസ്റ്റ് ബേസിക് ബി.എസ്.സി. നേഴ്സിംഗ് കോഴ്സ് സർക്കാരിന് യാതൊരു സാമ്പത്തികബാധ്യതയും ഉണ്ടാകാത്തവിധം 2024-25 അദ്ധ്യയന വർഷം മുതൽ ആരംഭിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ, സർക്കാർ നേഴ്സിംഗ് കോളേജ്, കോട്ടയം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ് ( വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by

Prijith G.

Date: 08-04-2024 10:30:03

സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു. ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക് (അറിവിലേയ്ക്ക്)